ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

12-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിലേക്ക് അംഗങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്യുന്നതിനും ആശംസകൾ നേരുന്നതിനും എനിക്ക് അതിയായ സന്തോഷമുണ്ട്. ഇപ്പോൾ അധികാരമേൽക്കുകമാത്രം ചെയ്തിട്ടുള്ള സർക്കാർ അംഗങ്ങളെ ഞാൻ അഭിനന്ദിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യുന്നു. നിലവിലുള്ള പ്രശ്നങ്ങൾക്കും വെല്ലുവിളികൾക്കുമിടയിലും അതുല്യമായ വളർച്ചയ്ക്ക് സജ്ജമായിരിക്കുന്ന മനോഹരമായ ഈ സംസ്ഥാനത്തെ വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരുന്നതിനുള്ള കഴിവും പ്രതിബദ്ധതയും നിങ്ങൾക്കുണ്ട് എന്നെനിക്കുറപ്പുണ്ട്.

2. കേരള ജനത വളരെയധികം ആശയോടും പ്രതീക്ഷയോടും കൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക്, വ്യക്തവും അസന്നിഗ്ദ്ധവുമായ ജനവിധി നൽകുകയുണ്ടായി. കഴിഞ്ഞ 5 വർഷക്കാലത്ത് ജനജീവിതം ദുസ്സഹമാക്കിയ ആഗോളവൽക്കരണ നയപരിപാടികൾ, വ്യാപകമായ അഴിമതി, ക്രമസമാധാനത്തകർച്ച, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ജാതി-സമുദായ സ്പർദ്ധ എന്നിവയ്ക്കെതിരെയുള്ള ഒരു ജനവിധിയായിരുന്നു അത്. ഐക്യജനാധിപത്യ മുന്നണിയുടെ ഭരണത്തിൻകീഴിൽ ഭൂരിപക്ഷം ജനങ്ങളും ഉപജീവനത്തിനായി ആശ്രയിക്കുന്ന കൃഷി,

പരമ്പരാഗത വ്യവസായങ്ങൾ, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾക്ക് മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നതും കർഷക ആത്മഹത്യകൾ ദുഃഖപൂർവ്വം വെളിപ്പെടുത്തുന്ന പ്രകാരമുള്ള തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നതുമാണ്. ദാക്ഷിണ്യമില്ലാത്ത, ആഗോളവത്ക്കരണ നയങ്ങൾക്കിരയായവരുടെ സ്മരണയ്ക്കു മുമ്പിൽ ഞാൻ എന്റെ ആദരാഞ്ജലി അർപ്പിക്കുന്നു. ഈ മഹനീയ സഭയിലേക്ക് ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുത്തത് മേൽപ്പറഞ്ഞ പ്രവണതകൾ മാറ്റപ്പെടുമെന്നും ഒരു സർവ്വതോന്മുഖമായ വികസനം ഉണ്ടാകുമെന്നുമുള്ള പ്രതീക്ഷയോടും ബോധ്യത്തോടും കൂടിയാണ്.

3. അതുല്യവും, ആഗോളതലത്തിൽ പ്രശംസ നേടിയിട്ടുള്ളതുമായ കേരളാ മോഡൽ വികസനത്തിന്റെ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ വികസന കാര്യത്തിൽ ബന്ധപ്പെട്ടിട്ടുള്ള ദുർബ്ബല കണ്ണികളെ തുടച്ചുനീക്കുന്നതിനും എന്റെ സർക്കാർ ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്. നിങ്ങൾക്കറിയാവുന്നതുപോലെ കേന്ദ്ര സംസ്ഥാന ഗവൺമെന്റ് തലത്തിൽ നൂതന ഉദാരവത്ക്കരണ നയത്തിൽ വരുത്തിയ വ്യതിയാനംമൂലം നമ്മുടെ പൂർവ്വികർ ദശാബ്ദങ്ങൾ കൊണ്ട് വളർത്തി പരിപോഷിപ്പിച്ചെടുത്ത ക്ഷേമരാഷ്ട്രമെന്ന വ്യവസ്ഥിതി തകർക്കപ്പെടുകയുണ്ടായി. വാസ്തവത്തിൽ ഈ രീതിയിലുള്ള ക്ഷേമാധിഷ്ഠിത വികസന രീതിയിൽ നിന്നുമുള്ള വ്യതിയാനമാണ് സംസ്ഥാനത്തിലെ ജനങ്ങളെ സർക്കാരിൽ മാറ്റം വരുത്തുന്നതിന് വേണ്ടി വോട്ട് ചെയ്യുന്നതിന് പ്രേരിപ്പിച്ച ഘടകം. അതുകൊണ്ട് തൊട്ടുമുമ്പ് വരെ സംഭവിച്ച തെറ്റുകളെ തിരുത്തുന്ന

തിനും വളരെയധികം അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനുതകുന്ന സമഗ്ര വികസനത്തിന്റെയും ഐശ്വര്യത്തിന്റെയും പാതയിലേക്ക് സംസ്ഥാനത്തെ തിരികെ കൊണ്ടുവരുന്നതിനും എന്റെ സർക്കാർ തീരുമാനിച്ചു കഴിഞ്ഞു.

4. നിങ്ങളെല്ലാവരും ഈ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധ്യമുള്ളവരാണെന്നും സംസ്ഥാനത്തെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുമെന്നും ഉള്ളതിൽ എനിക്ക് യാതൊരു സംശയവുമില്ല. എന്നിരുന്നാലും, പുതിയ സർക്കാർ ഏറ്റെടുക്കേണ്ടി വന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം നാമെല്ലാവരും വളരെയധികം പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയും കടബാദ്ധ്യതയും പരിഹരിക്കുന്നതിനായുള്ള ഒരു സാമ്പത്തിക ക്രമീകരണ പരിപാടി പ്രഖ്യാപിച്ചുകൊണ്ട് അധികാരം ഏറ്റെടുത്ത ഐക്യ ജനാധിപത്യ മുന്നണി സർക്കാർ വർദ്ധിച്ച വരുമാനക്കുറവും ഇരട്ടിയോളമാകുന്ന കടബാദ്ധ്യതയും കാണിച്ചുകൊണ്ടുള്ള ബഡ്ജറ്റ് സഭയുടെ പരിഗണനയിൽ വച്ചിട്ടാണ് അധികാരമൊഴിഞ്ഞുപോയത്. ഉൾപ്പെടുത്താത്തതും ചെലവഴിച്ചതുമായ വരുമാനം കണക്കിലെടുത്തുകൊണ്ടുള്ള ഐക്യ ജനാധിപത്യ മുന്നണി സർക്കാരിന്റെ 2006-07-ലെ ബഡ്ജറ്റ് നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാരിന്റെ പുതുക്കിയ വരുമാന സാമ്പത്തികക്കമ്മി സംസ്ഥാന ചരിത്രത്തിൽ എക്കാലത്തേക്കാളും ഉയർന്നതാണ്. 6450 കോടി രൂപയുടെ വാർഷിക പദ്ധതി, വരവിന്റെയും പദ്ധതിയേതര ചെലവുകളുടെയും ഭാരത്തിന് വരുമാനത്തിലുള്ള അപര്യാപ്തത നേരിട്ടുകൊണ്ടിരിക്കുകയാണ്. ചെലവിനത്തിൽ ശമ്പള പരിഷ്കരണവും നൽകേണ്ട തുക, വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ട

മൂന്ന് രൂപയ്ക്ക് അരി എന്ന പദ്ധതി, ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക, ചെയ്ത ജോലിക്ക് കരാറുകാർക്ക് കൊടുത്തുതീർക്കേണ്ട കുടിശ്ശിക എന്നിവയ്ക്കായി ഏകദേശം 2000 കോടി രൂപയുടെ ചെലവ് വരുന്നതാണ്. അവസാന ഘട്ടത്തിനുമാത്രമായി ഏകദേശം 1200 കോടി രൂപ കണക്കാക്കുന്നു. വരവിനത്തിൽ പ്രധാന ഭീഷണി നേരിടുന്നത് സംസ്ഥാനത്തിന്റെ വർദ്ധിച്ച കടബാദ്ധ്യതയും സംസ്ഥാന വായ്പാ പരിധി 2500 കോടി രൂപയായി കുറവു ചെയ്യുന്നതിനുള്ള ഉദ്ദേശം കേരള സർക്കാരിനെ അറിയിച്ച കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ നിന്നുമാണ്. കേരളം കടക്കെണിയിലകപ്പെട്ട സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 2000-2001-ൽ 23919 കോടി രൂപയായിരുന്നത് 2005-06-ൽ 45637 കോടി രൂപയായി വർദ്ധിച്ചു. കടബാദ്ധ്യതയുടെ യഥാർത്ഥ തോതായ, കടബാദ്ധ്യതയും സംസ്ഥാന ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 2000-2001-ൽ 34 % ആയിരുന്നത്, 2005-06-ൽ 41 % ആയി വർദ്ധിച്ചു. ഉൾപ്പെടുത്താത്ത പദ്ധതിയേതര ചെലവുകൾ നടത്തുന്നതിന് അധിക വിഭവസമാഹരണം കണ്ടെത്തുകയും കടമെടുക്കുന്നതിനുള്ള പരിധി പുനഃസ്ഥാപിക്കുകയും ചെയ്യാത്തപക്ഷം, സംസ്ഥാനം വികസന ചെലവുകൾ അവസാനിപ്പിക്കേണ്ടിവരുന്ന ഒരു നിശ്ചലാവസ്ഥ അഭിമുഖീകരിക്കേണ്ടി വരും.

6. നാം തിരിച്ചറിയേണ്ട ഒരു അടിസ്ഥാന പ്രശ്നം നമ്മുടെ രാജ്യത്ത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ അടുത്തകാലത്ത് ഉണ്ടായ പരിണാമമാണ്. കേരളത്തിലെ കാർഷിക പ്രതിസന്ധിയുമായി ബന്ധപ്പെടുത്തി, ഈ ഗതിമാറ്റത്തെ വ്യക്തമാക്കാവുന്നതാണ്.

ഈ പ്രതിസന്ധിക്ക് അടിസ്ഥാനമായ പ്രധാന ഘടകങ്ങൾ അധികവും കേരള സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതവും, സംസ്ഥാനവുമായി യാതൊരുവിധ കൂടിയാലോചനകളും ഇല്ലാതെ ഈ നൂതന ഉദാരവൽക്കരണ നടപടികൾ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെട്ടതുകൊണ്ടാണ്. 1969-ലെ ബാങ്ക് ദേശസാൽക്കരണം മുഖേന ഏർപ്പെടുത്തപ്പെട്ട വികസന ബാങ്കിംഗ് ഉപേക്ഷിച്ചതും, കേന്ദ്ര സബ്സിഡികൾ നിർത്തലാക്കിയതുമൂലം ഉണ്ടായ വായ്പാ ചെലവ് ഉൾപ്പെടെ കർഷകരുടെ ഉൽപാദന ചെലവിലുണ്ടായ വർദ്ധനവും, ലോക കമ്പോള വ്യതിയാനങ്ങളിൽ നിന്ന് കർഷകർക്ക് സംരക്ഷണം ലഭിക്കാതെ പോയതും ഇതിൽ ഉൾപ്പെടുന്നു.

6. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള ഫെഡറൽ സംവിധാനത്തെ ഫലത്തിൽ യൂണിറ്ററിയായ ഒന്നാക്കി മാറ്റുന്ന നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും ഭരണ സംവിധാനത്തിലുമുള്ള പുതിയതും അലോസരപ്പെടുത്തുന്നതുമായ ഒരു പ്രവണതയാണ് ഇത്. മറ്റ് ഒന്നും പറയാതില്ലാതെ നയങ്ങൾ നടപ്പിലാക്കുന്നു എന്നുമാത്രമല്ല സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക അധികാരങ്ങൾക്കുമേലുള്ള ഒരു കടന്നുകയറ്റം കൂടിയാണ് ഈ പ്രവണത പ്രകടമാക്കുന്നത്. ഈ സന്ദർഭത്തിൽ, ഉദാഹരണമായി സംസ്ഥാനത്തിന്റെ പ്രധാന വരുമാനസ്രോതസായ വിൽപ്പന നികുതിക്കു പകരം, അവർക്കുവേണ്ടി നിശ്ചയിച്ച നിരക്കിലുള്ള മൂല്യവർദ്ധിത നികുതി കൊണ്ടുവന്നത് സംസ്ഥാന സർക്കാരിന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അനുകൂല സാഹചര്യം ഇല്ലാതാക്കി. കൂടാതെ സംസ്ഥാനത്തിന്റെ കടമെടുക്കുന്നതിനുള്ള

പരിധികൂടി കേന്ദ്രം നിശ്ചയിക്കുകയും ചെയ്തു. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ജീവിതക്രമത്തിൽ ദേശീയ വികസന കൗൺസിലിന് ഉണ്ടായിരുന്ന പ്രാധാന്യം കുറയുകയും കേന്ദ്രസംസ്ഥാന ഇടപെടലുകളിൽ തുടർന്നുവന്ന ധനകാര്യ കമ്മീഷനുകൾ നിഷ്പക്ഷവുമായിരുന്നില്ല.

൭. രാജ്യത്തിലെ ഫുഡ് മാനേജ്മെന്റിൽ ഉണ്ടായ നയപരമായ ഭരണക്രമമാണ് ഇന്ന് നമ്മെ കൂടുതൽ അലോസരപ്പെടുത്തുന്നത്. ഭക്ഷ്യ ആവശ്യങ്ങളെ സംരക്ഷിക്കുന്ന ഒരു പൊതു വിതരണ സമ്പ്രദായം ഇവിടെ ഉണ്ടെന്ന വിശ്വാസത്തിൽ, നാണ്യ വിളകൾ ഉൽപ്പാദിപ്പിക്കുന്ന കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്ക് അപ്രകാരം ചെയ്യാൻ കഴിയും. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ സംഭരണ പ്രവർത്തനങ്ങളിലൂടെ പൊതുവിതരണ സമ്പ്രദായം വളർന്നുവരുന്നു. ഈ മുഴുവൻ സംവിധാനവും ക്രമമായി നിർത്തലാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തിൻകീഴിൽ കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്കുള്ള വിഹിതം കുറവ് ചെയ്യപ്പെട്ടുവരുകയാണ്. പൊതു വിതരണത്തിൽ ഉൾപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ വില ഉയർത്തുവാൻ പോവുകയാണ് എന്ന് അറിയുന്നു. പൊതുവിതരണ സമ്പ്രദായം കുറച്ചുകൊണ്ടുവരുന്നത് കേരളംപോലെയുള്ള സംസ്ഥാനങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്നതാണ്. രാജ്യത്തെ ഭക്ഷ്യ നയവും ഫുഡ് മാനേജ്മെന്റും രാജ്യത്തിന് വളരെ പ്രധാനപ്പെട്ടതും കേന്ദ്ര സർക്കാരിന്റെമാത്രം വിവേചനാധികാര പരിധിയിൽ ഉൾപ്പെട്ടതുമാണ്. കേന്ദ്രത്തോടൊപ്പം സംസ്ഥാന

ങ്ങളും പ്രതിനിധീകരിക്കുന്ന ദേശീയ വികസന കൗൺസിൽ എന്ന ഏക സ്ഥാപനമാണ് രാജ്യത്തിന് മുഴുവനായും ഇത് തീരുമാനിക്കേണ്ടത്.

8. സമീപകാലത്ത് കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ കടന്നുകൂടിയ ചില അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനായി വരും നാളുകളിൽ നമ്മുടെ സർക്കാർ മറ്റു സംസ്ഥാന സർക്കാരുകളുമായി ചേർന്ന് കഠിന പ്രയത്നം ചെയ്യുന്നതാണ്.

9. ശാരീരിക, മാനസിക അവശത അനുഭവിക്കുന്നവർ ഉൾപ്പെടെ സമൂഹത്തിലെ യാതന അനുഭവിക്കുന്ന വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ നീതിപൂർവ്വമായ വളർച്ചയ്ക്ക് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ ജനങ്ങളുടെ അതിബൃഹത്തായ ജനവിധിയെ എപ്പോഴും മാനിച്ചുകൊണ്ട് ഉത്തരവാദിത്വത്തോടും വിനയഭാവത്തോടും കേരളത്തിന്റെ വികസനത്തിന് വിഘ്നമുണ്ടാക്കുന്ന പ്രതിബന്ധങ്ങളെ നീക്കം ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുകയും ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതും കേരള ജനതയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതുമായ, പുരോഗമനപരവും ജനകീയാധിഷ്ഠിതവും കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതുമായ ഒരു പ്രക്രിയയ്ക്ക് തുടക്കമിടുകയും ചെയ്യും. ഈ സർക്കാരിന്റെ കഴിവുറ്റതും കൂട്ടായതുമായ നേതൃത്വത്തിൻകീഴിൽ കേരളത്തിന്റെ യഥാർത്ഥവും എന്നാൽ ഇന്നോളം പ്രയോജനപ്പെടുത്താത്തതുമായ

സാദ്ധ്യതകൾ സാക്ഷാത്കരിക്കുകയും കേരളത്തിന്റെ വികസനത്തിലെ തിളക്കമാർന്ന ഘട്ടങ്ങളിലൊന്നായി ഇത് ചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്യും എന്ന് എനിക്ക് ഉറപ്പുണ്ട്.

10. പൊതു ജീവിതത്തിൽ സുതാര്യതയും സത്യനിഷ്ഠയും ഉയർത്തിപ്പിടിക്കുന്ന അഴിമതിരഹിത സർക്കാരിനാണ് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നത്. സർക്കാരിന്റെ പൊതുവായ കാര്യങ്ങളും തീരുമാനങ്ങൾ കൈക്കൊള്ളുന്ന നടപടികളും സുതാര്യമായ രീതിയിൽ നടത്തുമെന്നും സ്വതന്ത്രവും നീതിപൂർവ്വകവുമായ രീതിയിലായിരിക്കും അവ നിർവ്വഹിക്കുക എന്നും നിങ്ങൾക്ക് ഉറപ്പ് നൽകുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പൊതുജീവിതത്തിൽ നിന്നും അഴിമതിയുടെ ഭീഷണി ഉന്മൂലനം ചെയ്യുക എന്നത് എന്റെ സർക്കാരിന്റെ നിശ്ചയദാർഢ്യമായിരിക്കും. അഴിമതി, അതിന്റെ എല്ലാ രൂപത്തിലും ഭാവത്തിലും, നിർമ്മാർജ്ജനം ചെയ്യുന്നതിന് വളരെ കർക്കശമായ നടപടി സ്വീകരിക്കുന്നതായിരിക്കും. ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും ഏകപക്ഷീയത ഒഴിവാക്കുന്നതിനും വിവരാവകാശ നിയമം നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ പൂർണ്ണ സഹകരണം നൽകുന്നതാണ്.

11. സംസ്ഥാനം അഭിമുഖീകരിക്കുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് ഉയർന്ന തോതിലുള്ള മൂലധന നിക്ഷേപം, വിഭവങ്ങളുടെ

ഉപയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, അതിവേഗ വളർച്ചയ്ക്ക് സാധ്യതയുള്ള മേഖലകൾക്ക് കൊടുക്കുന്ന അധിക പ്രാധാന്യം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഐ. ടി., ബയോ ടെക്നോളജി പോലെയുള്ള വിജ്ഞാന വ്യവസായങ്ങളും വിനോദ സഞ്ചാരം പോലെയുള്ള സേവന വ്യവസായങ്ങളും വളർന്നുകൊണ്ടിരിക്കുന്ന പുതിയ മേഖലകളാണ്. ഇത് മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടങ്ങിവച്ചതിന്റെ ഒരു പുനരാവിഷ്കരണമാണ്. വളർച്ചയുടെ നൂതന മേഖലകളിലേക്ക് സംസ്ഥാനം അതിവേഗം മുന്നേറുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മാനവശേഷി വികസിപ്പിക്കുന്നതിനും നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നാം പ്രതിജ്ഞാബദ്ധമാണ്.

12. എന്നാൽ, നമ്മുടെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ഉപജീവനത്തിന് ആശ്രയിക്കുന്ന കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, മത്സ്യബന്ധനം എന്നിവയെ നാം അവഗണിക്കുകയില്ല. ഈ മേഖലകൾ പുനരുദ്ധരിക്കുന്നതിനും, ഐക്യ ജനാധിപത്യ മുന്നണിയെപ്പോലെ അവയെ ആഗോളവൽക്കരണത്തിന്റെ ഭീഷണിയെ ചെറുത്തു നിൽക്കുന്നതിന് ശക്തിപ്പെടുത്തുന്നതിനും അദ്ധ്വാനവർഗ്ഗത്തിന്റെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം ഇവയുടെ പൊതു അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുംകൂടി നാം പ്രതിജ്ഞാബദ്ധമാണ്. വികസന പ്രക്രിയയുടെ മുഖ്യധാരയിൽ നിന്നും, ഒഴിവാക്കപ്പെട്ട ആദിവാസികൾ, ദളിത്

മത്സ്യത്തൊഴിലാളികൾ എന്നീ സമൂഹങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതാണ് വികസന പ്രക്രിയ സ്ത്രീ-പുരുഷ സമത്വം ശക്തിപ്പെടുത്തുന്നവയാണ് എന്നു കൂടി ഉറപ്പാക്കേണ്ടതാണ്.

13. കാർഷിക മേഖലയിലെയും മറ്റ് ചെറുകിട മേഖലകളിലെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പൊതു സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ജനപങ്കാളിത്തത്തോടെ തീരുമാനം എടുക്കുകയും വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുകവഴി പൊതുഭരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ജനാധിപത്യ വികേന്ദ്രീകരണം ഒരു മുഖ്യ പങ്ക് വഹിക്കുന്നതാണ്.

14. 1997-2001-ലെ ജനകീയാസൂത്രണ പദ്ധതി നല്കിയത് ഈ തിരിച്ചറിവായിരുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ വിജയം രാജ്യത്തെ വികേന്ദ്രീകരണ പ്രക്രിയയിൽ കേരളത്തെ മുൻപന്തിയിലെത്തിച്ചു. എന്നിരുന്നാലും, കഴിഞ്ഞ 5 വർഷക്കാലയളവിൽ ജില്ലാ ആസൂത്രണ പദ്ധതികൾ, മൈക്രോ വാട്ടർ ഷെഡ് പ്രോഗ്രാം, അയൽക്കൂട്ടങ്ങളെ ഗ്രാമസഭയോട് ബന്ധിപ്പിക്കൽ തുടങ്ങിയ പല ഉദ്യമങ്ങളും കൈകാര്യം ചെയ്യാതെ മാറ്റിവയ്ക്കപ്പെടുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങൾക്കുമേൽ കടന്നുകയറ്റം നടത്തുകയും, ജനകീയ പങ്കാളിത്തത്തെ നിരുത്സാഹപ്പെടുത്തുകയും ആസൂത്രണ പ്രക്രിയ കേവലം ചടങ്ങാക്കി നിസ്സാരവൽക്കരിക്കുകയും ചെയ്തു.

15. വികേന്ദ്രീകരണം പുനരുജ്ജീവിപ്പിക്കും എന്ന എന്റെ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ഞാൻ സഭയെ ഓർമ്മിപ്പിക്കട്ടെ.

ഈ പ്രതിജ്ഞാബദ്ധത യാഥാർത്ഥ്യമാക്കി മാറ്റുന്നതിനുള്ള ആദ്യ നടപടികൾ ഇതിനോടകം എടുക്കുകയുണ്ടായി. ഗ്രാമവികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകഴിഞ്ഞു. അടുത്ത പടിയായി, കേരളത്തിലെ പഞ്ചായത്തുകൾക്കായി ഒരു സംയോജിത പ്രൊഫഷണൽ സപ്പോർട്ട് സിസ്റ്റം കൊണ്ടുവരുന്നതിനായി ഈ പ്രക്രിയ അതിന് താഴോട്ട് തുടർന്നു വരുന്ന സ്ഥാപനങ്ങളിലേക്കും ഏജൻസികളിലേക്കും അവസാന പടിവരെ എത്തിക്കുന്നതുമാണ്. കഴിഞ്ഞ ദശാബ്ദത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും പ്രധാനമായും കുടുംബശ്രീ പദ്ധതി മുഖേന പാവങ്ങളിലേക്ക് എത്തിച്ചേരുന്നതിലും അവരുടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിലും സ്തുത്യർഹമായ പങ്ക് വഹിക്കാൻ കഴിഞ്ഞു. അടുത്ത പടിയായി പ്രാദേശിക സാമ്പത്തിക വികസനം, മാനവശേഷി വികസനം, ഉത്തരവാദിത്വത്തോടെയുള്ള ഭരണം എന്നീ മൂന്ന് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

16. പ്രാദേശിക സാമ്പത്തിക വികസനത്തിന് പരമ്പരാഗത കൃഷി പുനരുദ്ധരിക്കേണ്ടതുണ്ട്. അതിന് സംയോജിത വാട്ടർഷെഡ് മാനേജ്മെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. പാലക്കാട്, വയനാട് എന്നീ പിന്നാക്ക ജില്ലകളിൽ കേന്ദ്രസഹായത്തോടെ അനുവദിച്ച ദേശീയ ഗ്രാമ തൊഴിൽ ഉറപ്പ് പദ്ധതി ഈ രണ്ട് ജില്ലകളിലെ കാർഷിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്, ദരിദ്രരായ കർഷക തൊഴിലാളികൾക്ക് പ്രത്യേകിച്ചും പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഏറ്റവും ആവശ്യമായ തൊഴിൽ

നൽകിക്കൊണ്ടിരിക്കെത്തന്നെ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയെ ഒരു ദേശീയ മാതൃക ആക്കുന്നതിന് ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നതാണ്. കൃഷി വികസനം പരിപൂർണ്ണമാക്കുന്നതിന്, കൂട്ടായ്മയുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനും വിപണനം വർദ്ധിപ്പിക്കുന്നതിനുമായി ഗ്രാമീണ കച്ചവട കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. കുടുംബശ്രീയുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും വിപണനം വർദ്ധിപ്പിക്കുന്നതുമായിരിക്കും ഇതു സംബന്ധിച്ച മുഖ്യ ഊന്നൽ.

17. അംഗൻവാടികൾ, സ്കൂളുകൾ, ആശുപത്രികൾ മുതലായ മാനവശേഷി വികസനത്തോട് ബന്ധപ്പെട്ട എല്ലാ പൊതുസ്ഥാപനങ്ങളുടെയും ഉടമസ്ഥരും നടത്തിപ്പുകാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ഈ സ്ഥാപനങ്ങൾ വഴി നൽകപ്പെടുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നയപരമായ ഒരു മാറ്റത്തെക്കുറിച്ച് വിഭാവനം ചെയ്യുന്നു. പ്രാദേശിക ഭരണകർത്തൃത്വം കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുവാൻ നടപടിക്രമങ്ങളും ഭരണ സമ്പ്രദായവും സമൂലമായി ഉടച്ചുവാർക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. സോഫ്റ്റ്‌വെയർ പരിശീലനവും, സാങ്കേതിക സഹായവും സർക്കാർ നൽകിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സ്വാതന്ത്ര്യം നൽകി കമ്പ്യൂട്ടർ വൽക്കരണം പുനരാരംഭിക്കുക എന്നതായിരിക്കും ഇതിന്റെ മർമ്മ പ്രധാനമായ ഒരു ഘടകം.

18. കേരളത്തിന്റെ വികേന്ദ്രീകരണ സംവിധാനം ഒരു ദേശീയ മാതൃകയായി തീർന്നുവെങ്കിലും എന്റെ സർക്കാർ അത് വീണ്ടും

മുന്നോട്ട് കൊണ്ടുപോകുന്നതിനും നല്ല രീതിയിൽ സംയോജിതമായ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു. ജില്ലാ പദ്ധതികളോടൊപ്പം മൈക്രോ വാട്ടർഷെഡ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിക്കുന്ന നടപടികൾ സ്വീകരിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 11-ാമത് പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനമായിരിക്കും. വാട്ടർഷെഡ് മാസ്റ്റർ പ്ലാനും 11-ാം പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്ന രീതി, ആസൂത്രണ പ്രക്രിയയിൽ ജനകീയ പങ്കാളിത്തവും, സുതാര്യതയും ശാസ്ത്രീയമായ ലക്ഷ്യവും ഉറപ്പുവരുത്തുന്ന വിധത്തിലായിരിക്കും. ഇതിന്റെ തുടർച്ചയെന്നോണം, ഓരോ തദ്ദേശ ഭരണ സ്ഥാപനവും എല്ലാ പൊതു ആസ്തികളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും അവ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകുകയും ചെയ്യും.

19. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ മുഖേന ആരംഭിച്ച നാഷണൽ അർബൻ ഡവലപ്മെന്റിന്റെ സാദ്ധ്യതകൾ ഇതുവരെ കേരളം പ്രയോജനപ്പെടുത്തിയിട്ടില്ല. എന്റെ സർക്കാർ തിരുവനന്തപുരത്തിനും കൊച്ചിക്കും വേണ്ടിയുള്ള നഗര വികസന പദ്ധതികളും, നിക്ഷേപ പദ്ധതികളും ഉടൻതന്നെ വികസിപ്പിച്ചെടുക്കുകയും അതുപോലെതന്നെ പുതിയ ദേശീയ പദ്ധതിയിൽ നിന്നും പരമാവധി പ്രയോജനം ലഭിക്കുന്നതിനായി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതി നടപ്പാക്കുന്നതോടൊപ്പം ചെറിയ നഗരങ്ങൾക്കായുള്ള സമഗ്രമായ പദ്ധതികളും വികസിപ്പിച്ചെടുക്കുന്നതാണ്. ഇതിനായി നഗര-ഗ്രാമ ആസൂത്രണ വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതാണ്.

20. 1999-ൽ കേരള പഞ്ചായത്ത്‌രാജ് ആക്റ്റും, കേരളാ മുനിസിപ്പാലിറ്റി ആക്റ്റും പുനർ രൂപീകരിച്ച് പരിഷ്ക്കരിക്കുകയുമുണ്ടായി. പ്രായോഗിക പരിചയത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ മൂന്ന് ധനകാര്യ കമ്മിഷനുകളുടെ ശുപാർശകളുടെ വെളിച്ചത്തിലും, ഈ രണ്ട് ആക്റ്റുകളിലും ധാരാളം ഭേദഗതികൾ വരുത്തുന്നതിനായി ഇപ്പോൾ പദ്ധതി ഇട്ടിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്ലിന്ത് ഏരിയാ അടിസ്ഥാനപ്പെടുത്തി വസ്തു നികുതി ഏർപ്പെടുത്തുന്നതിന് അടിയന്തിര പരിഗണന നൽകി ഈ വർഷം മുതൽതന്നെ നടപ്പിലാക്കുന്നതാണ്. ലളിതവും, സുതാര്യവുമായ ഈ രീതിപ്രകാരം പൗരന്മാർക്ക് സ്വമേധയാ വസ്തു നികുതി കണക്കാക്കുന്നതിന് സാദ്ധ്യമാവുകയും അഴിമതിയും, കൃത്രിമവും ഉണ്ടാകുവാനുള്ള സാദ്ധ്യതകൾ ഒരുമിച്ച് അവസാനിപ്പിക്കുവാൻ കഴിയുകയും ചെയ്യും.

21. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഇതിനോടകം ദേശീയ അംഗീകാരം നേടിക്കഴിഞ്ഞു. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ ശൃംഖലയുമായും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റുമായും (എസ്. ഐ. ആർ. ഡി.) സംയോജിപ്പിച്ച് തെക്കേ ഏഷ്യയിലെ തദ്ദേശഭരണക്രമത്തിന്റെ മികവിന്റെ കേന്ദ്രമായി അതിന്റെ പദവി ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ഇതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

22. ഇറക്കുമതി നയത്തിന്റെയും, കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ മറ്റ് ആഗോളവത്ക്കരണ നടപടികളുടെയുംഫല

നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിയില്ലെങ്കിലും എന്റെ സർക്കാർ സംസ്ഥാനത്തെ കാർഷിക പ്രതിസന്ധി തരണം ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു. വാട്ടർഷെഡ് അധിഷ്ഠിത പ്ലാനിംഗ്, മെച്ചപ്പെട്ട വായ്പാ സൗകര്യങ്ങൾ, ഭൂപരിഷ്കരണ നടപടി, വാട്ടർ മാനേജ്മെന്റ് സ്ഥാപനങ്ങൾ, കാർഷിക രംഗത്ത് മെച്ചപ്പെട്ട സാങ്കേതിക വിദ്യ സ്വീകരിക്കൽ, വിളവെടുപ്പിനു ശേഷമുള്ള നടപടികൾ, കാർഷിക സംസ്കരണത്തിലൂടെയുള്ള മൂല്യവർദ്ധനവ് എന്നിവയിലൂടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഫെഡറൽ സംവിധാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള നമ്മുടെ ശ്രമങ്ങൾ. ജൈവ സാങ്കേതിക വിദ്യയും, ജൈവ കൃഷി രീതിയും മറ്റ് നൂതനമായ കാർഷിക രീതികളും പ്രചരിപ്പിക്കുന്നതാണ്. ഔഷധസസ്യങ്ങൾ, പഴം, പച്ചക്കറികൾ എന്നിവയുടെ കാർഷിക കയറ്റുമതി മേഖലകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതാണ്.

23. ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് എന്റെ സർക്കാർ ഇതിനോടകം തീരുമാനിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ, പലിശഭാരം ലഘൂകരിക്കൽ, വായ്പയുടെ പുനഃക്രമീകരണം മുതലായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായിട്ടുള്ള ചർച്ച ഇതിനകം സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമെ സ്വകാര്യ പണമിടപാടുകാരിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനായി അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു ഋണാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നത് എന്റെ സർക്കാർ പരിഗണിച്ചുവരികയാണ്. കഴിഞ്ഞ

കാലങ്ങളിൽ വായ്പകളിൽ ചുമത്തപ്പെട്ട അമിതമായ പലിശകളിൻമേൽ ഇപ്പോൾ നിശ്ചയിക്കേണ്ട ഉചിതമായ നിരക്കിനെ സംബന്ധിച്ചും, സാധ്യമായിടത്തെല്ലാം സർക്കാർ മാധ്യസ്ഥനായി വർത്തിച്ചുകൊണ്ട് ബാങ്കുകളെ കടം എഴുതിത്തള്ളിക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും, കർഷകർക്ക് വേണ്ടി മുഴുവൻ കടവും കൊടുത്തുതീർക്കുവാൻ സർക്കാരിന് കഴിയുന്നിടത്ത് നിരാലംബരായ കർഷകരുടെ കടം എഴുതിത്തള്ളേണ്ട സംഗതിയിൽ തീരുമാനം എടുക്കുന്നതിനും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ്.

24. കാർഷിക വായ്പയുടെ ഏകദേശം പകുതിയോളം പ്രദാനം ചെയ്യുന്ന സഹകരണ മേഖല കടക്കെണിയിൽ അകപ്പെട്ട കർഷകർക്ക് ആശ്വാസമേകുന്നതിൽ മുൻനിരയിൽ നിൽക്കുന്നു. സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക വായ്പയിൻമേലുള്ള പലിശയിൽ ഇളവ് അനുവദിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു. സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയുടെ തിരിച്ചുപിടിക്കൽ നടപടികൾ ഒരു വർഷത്തേക്ക് നീട്ടിവയ്ക്കുന്നതിനും, ഒരു വർഷത്തേക്ക് തിരിച്ചുപിടിക്കൽ വേണ്ടെന്നുവച്ച് കാർഷിക വായ്പയുടെ അത്രയും തുക സഹകരണ സംഘങ്ങൾക്ക് നബാർഡിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ നൽകുന്നതുമാണ്. 'അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ്' സ്കീമിൻ കീഴിൽ കാർഷിക വായ്പാ ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

25. ഈ വർഷം 50,000 പുതിയ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ മുഖേന നൽകുന്നതായിരിക്കും. അർഹരായ എല്ലാ അപേക്ഷകർക്കും കാലവിളംബം കൂടാതെ വിദ്യാഭ്യാസ വായ്പ, സഹകരണ വായ്പാ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്നത് ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. എൻ. സി. ഡി. സി. സഹായത്തോടെയുള്ള ഐ. സി. ഡി. പി. പദ്ധതിയുടെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള വയനാട് ജില്ലയിൽ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതാണ്.

26. ഒരു സ്ഥലത്തുനിന്നും കർഷകരുടെ എല്ലാ സേവന ആവശ്യങ്ങളും ലഭ്യമാക്കാൻ കൃഷിഭവനുകൾ നവീകരിക്കുന്നതിനും അവയെ ഫലപ്രദമായ സേവനകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചെറുകിട നാമമാത്ര കർഷകരിലെ ഏറ്റവും അർഹതപ്പെട്ട ആളുകളിൽ ഈ സഹായം പ്രത്യേകിച്ചും ദുരന്തവേളകളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി, സർക്കാർ ഇങ്ങനെയുള്ള കർഷകരെ കണ്ടെത്തുന്നതിനും അവർക്ക് അടിയന്തിര സഹായം ലഭ്യമാക്കുന്നതിനും വേണ്ടി ശരിയായ തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുള്ള പരിശ്രമം ആരംഭിക്കുന്നതാണ്.

27. നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളുടെ വിസ്തൃതിയിൽ വന്ന കുറവും കാർഷികേതരവും വാണിജ്യപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പാടശേഖരങ്ങൾ പരിവർത്തനപ്പെടുത്തുന്നതും ഉടനടി കൈകാര്യം ചെയ്യേണ്ട ഗുരുതരമായ

പ്രശ്നങ്ങളാണ്. ജലസംതുലിതാവസ്ഥ നിലനിറുത്തുന്നതിലൂടെ പരിസ്ഥിതി സംരക്ഷണത്തിൽ പാടശേഖരങ്ങൾക്ക് മുഖ്യമായ ഒരു പങ്കുള്ളതും അതിനാൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നത് മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള നെൽകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിലുപരി, സമൂഹത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടും പങ്കെടുപ്പിച്ചുകൊണ്ടും അരിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പാരിസ്ഥിതിക സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ പുനരാവിഷ്കരിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു പാഡി ബോർഡ് രൂപീകരിക്കുന്നതാണ്.

28. കേരള കാർഷിക സമ്പദ് വ്യവസ്ഥ നേരിടുന്ന പ്രതിസന്ധി സമഗ്രമായ രീതിയിൽ പരിഹരിക്കുന്നതിന് ഓരോ പഞ്ചായത്തിലും കേര സംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. വേരുചീയൽ എന്ന പ്രശ്നം നേരിടുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ കർഷകരുടെ നേരിട്ടുള്ള പങ്കാളിത്തത്തോടുകൂടി, ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പ്രകാരമുള്ള 1024 കോടി രൂപയുടെ ചെലവ് വരുന്ന മാനേജ്മെന്റ് ഓഫ് റൂട്ട് വിൽറ്റ് ഡിസീസ് പദ്ധതി ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്.

29. നിലവിലുള്ള കന്നുകാലി കർഷകരെ മൃഗസംരക്ഷണ മേഖലയിൽ നിലനിർത്തുന്നതിനും, പാവപ്പെട്ട ഗ്രാമീണരുടെ ഇടയിൽ, കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി പദ്ധതികൾക്ക് രൂപം കൊടുക്കുക എന്നതായിരിക്കും നമ്മുടെ പ്രയത്നം. സാമ്പത്തികവും, പോഷക സുരക്ഷയും പ്രദാനം ചെയ്യുന്നതിൽ

കന്നുകാലികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ ഇതിന് അതീവ പ്രാധാന്യമുണ്ട്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ എണ്ണത്തിലും ഗുണത്തിലും വർദ്ധനവ് വരുത്തുന്നതിന് എന്റെ സർക്കാർ പ്രയത്നിക്കുന്നതാണ്. ഗാർഹിക തലത്തിൽ ഉല്പാദന പ്രക്രിയ സംയോജിപ്പിച്ചുകൊണ്ട് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിലുള്ള വർദ്ധനവ് നേടിയെടുക്കാവുന്നതാണ്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും അതോടൊപ്പം ദുർബ്ബല വിഭാഗങ്ങളുടെ വരുമാനത്തിൽ വർദ്ധന വരുത്തുന്നതിന് സഹായിക്കുകയും ചെയ്യും.

30. ഈ ലക്ഷ്യം നേടുന്നതിന് ഞങ്ങൾ കുടുംബശ്രീ ശൃംഖലകളെ പങ്കെടുപ്പിച്ചു കൊണ്ട് സമഗ്ര കോഴിവളർത്തലിനും വിപണന ശൃംഖല വികസിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രക്രിയ പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നു. കന്നുകാലികളുടെയും ക്ഷീരോല്പന്നങ്ങളുടെയും വ്യാപാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തെ ഒരു രോഗ വിമുക്ത മേഖലയാക്കുന്നതിനുവേണ്ടി രോഗ നിയന്ത്രണ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തിന് പുറത്ത് നിന്ന് കൊണ്ടുവരുന്ന പാലുൾപ്പെടെ, വിതരണം നടത്തുന്ന പാലിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതാണ്. ക്ഷീരകർഷകർക്ക് വേണ്ടിയുള്ള ക്ഷേമനിധി പദ്ധതി ശക്തിപ്പെടുത്തുന്നതിനുകൂടി സർക്കാർ ഉദ്ദേശിക്കുന്നു.

31. മത്സ്യത്തൊഴിലാളികൾ സമൂഹത്തിലെ ദുർബ്ബലവിഭാഗത്തിൽപ്പെട്ടവരും വികസന പ്രക്രിയയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരുമാണ്. ഒരു തലത്തിൽ വിഭവ ശോഷണവും മറ്റൊരു

കാലത്തിൽ മത്സ്യബന്ധനത്തിനുള്ള വർദ്ധിച്ച ചെലവും വർഷങ്ങളായുള്ള അവരുടെ പിന്നോക്കാവസ്ഥയ്ക്ക് ആക്കം കൂട്ടി. തദ്ദേശ ഭരണ സ്ഥാപനങ്ങളും അതുപോലുള്ള മറ്റു വകുപ്പുകളും മുഖാന്തിരം നടപ്പിലാക്കുന്നതിനായി തീരദേശ വികസനത്തിനുവേണ്ടി ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കുന്നതാണ്. ഓരോ കുടുംബത്തിനും പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ നൽകുന്നതിനുള്ള പദ്ധതിയായിരിക്കും ഏറ്റവും പ്രധാന ഘടകം. സുനാമി ബാധിത പ്രദേശങ്ങളിൽ 'സീഫുഡ് കിച്ചൻ യൂണിറ്റുകൾ' പൊതുസൗകര്യങ്ങളുടെ സഹായത്തോടുകൂടിയ മൂല്യവർദ്ധനവിനുവേണ്ടിയുള്ള മത്സ്യോൽപ്പന്നങ്ങളുടെ സംയോജിത മത്സ്യസംസ്കരണ യൂണിറ്റുകൾ, അലങ്കാര മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, കല്ലുമ്മക്കായ് കൃഷി, മൂല്യവർദ്ധിത കയറുൽപ്പന്നങ്ങളുടെ കേന്ദ്രങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ, പച്ച മത്സ്യം വിൽക്കുന്ന പരിഷ്കരിക്കപ്പെട്ട വിൽപ്പന യൂണിറ്റുകൾ, സാമൂഹ്യ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന സമാനമായ മറ്റു പദ്ധതികൾ എന്നിവ പോലുള്ള ജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതാണ്. തീരദേശവാസികളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പങ്കാളിത്ത തീരദേശ വനവൽക്കരണം, തീരസംരക്ഷണ പരിപാടികൾ, കണ്ടൽക്കാടുകളുടെ സംരക്ഷണം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നതാണ്. അലങ്കാര മത്സ്യങ്ങൾക്കായി അക്വാപാർക്കുകൾ സ്ഥാപിക്കുകയും ഉൾനാടൻ ജലാശയങ്ങളിലും ലവണജലത്തിലും മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു മിഷൻ

യോജനാദി പദ്ധതികൾ ആരംഭിക്കുന്നതാണ്. ക്ഷീണ മത്സ്യസമ്പത്ത് പോഷണം ചെയ്യുന്നതിനുവേണ്ടി ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനും സുനാമിമൂലം നാശം സംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാൻഡിംഗ് സെന്ററുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പദ്ധതിക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് ധനം സമാഹരിക്കുന്നതും അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 1400 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിയുമാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യക്കയറ്റുമതിക്കാർ സെസ്സ് അടയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനായിട്ടുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. എല്ലാ മത്സ്യബന്ധന കുടുംബങ്ങൾക്കും പട്ടയവും കൈവശരേഖയും ഉറപ്പുവരുത്തുന്നതാണ്.

32. എന്റെ സർക്കാർ വനപരിപാലനത്തിനും സംരക്ഷണത്തിനും സംസ്ഥാനത്തെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വേണ്ടി സന്ധിയില്ലാ നടപടികൾ കൈക്കൊള്ളുന്നതാണ്. ആറു മാസത്തിനകം സംസ്ഥാനത്തിനുവേണ്ടി ഒരു പുതിയ വന നയ രൂപീകരണം, മറയൂരിലെ ചന്ദനക്കാടുകളുടെ സംരക്ഷണം, വരുന്ന സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ/സഹകരണ മേഖലയിൽ ഒരു ചന്ദനത്തൈല ഫാക്ടറി സ്ഥാപിക്കൽ, കണ്ടൽക്കാടുകളുടെ സംരക്ഷണം എന്നിവയാണ് എന്റെ സർക്കാർ മുൻഗണനാക്രമത്തിൽ എടുക്കുന്ന പ്രധാന നടപടികളിൽ ചിലത്.